## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1178      10/08/2017-ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിൽ ജൈവ വൈവിധ്യ ഉദ്യാന പാർക്കിന് ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) ജൈവ വൈവിധ്യ ഉദ്യാന പാർക്കിനായി തെരഞ്ഞെടുത്ത 7 സ്കൂളുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>1 ഫാത്തിമ മാത യു.പി.സ്കൂൾ, മാലിപ്പാറ<br>2 ഗവ. എൽ.പി.സ്കൂൾ, വെണ്ടുവഴി<br>3 ഗവ. എൽ.പി.സ്കൂൾ, കുറ്റിയാഞ്ചാൽ<br>4 എം.എൽ.പി.സ്കൂൾ, മൈലൂർ<br>5 സെന്റ് ജോസഫ് യു.പി.സ്കൂൾ, നെല്ലിമറ്റം<br>6 ഗവ. യു.പി.സ്കൂൾ, പാനിപ്ര<br>7 ഗവ. യു.പി.സ്കൂൾ, ചെങ്കര |
| (ബി) ഈ സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) കുളങ്ങൾ, ചിത്രശലഭ പാർക്ക് എന്നിവയുടെ നിർമ്മാണം, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, പൂച്ചെടികൾ, കുറ്റിച്ചെടികൾ, പച്ചക്കറികൾ തുടങ്ങിയവ വച്ചുപിടിപ്പിക്കുക, കുളങ്ങളിൽ മൽസ്യങ്ങളും ജലസസ്യങ്ങളും വളർത്തൽ എന്നിവയും ജൈവ വൈവിധ്യ പാർക്കിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ, സ്ഥലപരിമിതിയുള്ള സ്കൂളുകളിൽ ഹാങ്ങിംഗ് ഗാർഡൻ നിർമ്മിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) പ്രസ്തുത ജൈവ വൈവിധ്യ പാർക്കിനായി നിലവിൽ എന്തെല്ലാം നടപടികൾ പ്രസ്തുത സ്കൂളുകളിൽ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലം ഒരുക്കിയിട്ടുണ്ട് കൂടാതെ, ചില സ്കൂളുകളിൽ നിർമ്മാണവും തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ